**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1227** **27-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിലെ നിലവിലെ പ്രതിമാസ പെൻഷൻ ബാധ്യത എത്ര രൂപയാണ്; ഈ ബാധ്യത നിലവിൽ വഹിക്കുന്നത് സർക്കാരാണോ കെ.എസ്. ആർ.ടി.സിയാണോ; വിശദാംശങ്ങൾ നൽകാമോ; | (എ) | പ്രതിമാസം ശരാശരി 65 കോടി രൂപയോളമാണ് പെൻഷൻ വിതരണത്തിനായി കെ.എസ്.ആർ.ടി.സി.യ്ക്ക് വേണ്ടി വരുന്നത്. നിലവിൽ സഹകരണ ബാങ്കുകളുടെ കൺസോർഷ്യവും, കെ.എസ്.ആർ.ടി.സി. യും, സർക്കാരുമായി കരാറിൽ ഏർപ്പെട്ട് അതിൻപ്രകാരമാണ് പെൻഷൻ നൽകി വരുന്നത്. ഇത്തരത്തിൽ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്ത പെൻഷൻ തുക ആറു മാസത്തിനു ശേഷം, പലിശ സഹിതം സഹകരണ സംഘങ്ങൾക്ക് നേരിട്ട് എല്ലാ മാസവും തിരികെ നൽകുന്നുണ്ട്. ഈ തുക സർക്കാർ കെ.എസ്.ആർ.ടി.സി.യ്ക്ക് വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണ് അനുവദിച്ചുവരുന്നത്. |
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും പെൻഷൻകാർക്ക് സ്ഥിരാശ്വാസം എന്ന നിലയിലും ഒരു ശാശ്വത പരിഹാരമായി പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ട് നയപരമായ തീരുമാനം കൈക്കൊണ്ട് അതിനനുസൃതമായി 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിയമം(കേന്ദ്ര നിയമം) സെക്ഷൻ 45 (1) (സി), 45എ എന്നിവ പ്രകാരം നിയമങ്ങൾ/ചട്ടങ്ങൾ രൂപീകരിക്കാമോ; | (ബി) | ഇക്കാര്യം പരിഗണനയിലില്ല. |
| (സി) | നിലവിൽ സഹകരണ ബാങ്കുകൾ വഴി ക്രമീകരിച്ചിട്ടുള്ള പെൻഷൻ വിതരണത്തിന് പെൻഷൻ തുകയ്ക്ക് പുറമെയുള്ള പ്രതിമാസ പലിശ ബാധ്യത എത്ര രൂപയാണ്; ഈ ബാധ്യത വഹിക്കുന്നത് സർക്കാരാണോ കെ.എസ്. ആർ.ടി.സി.യാണോ; വിശദാംശങ്ങൾ നൽകാമോ; | (സി) | പ്രതിമാസ പെൻഷൻ വിതരണത്തിനായി വിനിയോഗിക്കുന്ന പെൻഷൻ തുകയ്ക്ക് പുറമെയുള്ള പ്രതിമാസ പലിശയിനത്തിൽ ശരാശരി 4.50 കോടിയോളം ചെലവാ കുന്നുണ്ട്. പലിശയുൾപ്പെടെയുള്ള പെൻഷൻ തുക സർക്കാർ കെ.എസ്.ആർ.ടി.സി.യ്ക്ക് വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് അനുവദിച്ചുവരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.ആർ.ടി.സി. പെൻഷൻ മുടക്കമില്ലാതെ നൽകുന്നതിന് കെ.എസ്. ആർ.ടി.സിയും സർക്കാരും ചേർന്ന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്/സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; വെളിപ്പെടുത്തുമോ; | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ നിന്നും സ്വന്തം നിലയ്ക്ക് വിതരണം ചെയ്യാൻ കഴിയാതെ 2017-18 സാമ്പത്തിക വർഷത്തിൽ പെൻഷൻ വിതരണം മുടങ്ങിയ സ്ഥിതി വിശേഷമുണ്ടായി. ഈ സാഹചര്യത്തിൽ സർക്കാർ മുൻകൈയെടുത്ത് സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും ടി കൺസോർഷ്യം വഴി 2018 ഫെബ്രുവരി മാസം മുതൽ കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പെൻഷൻ തുക നൽകി വരുന്നു. ഇതിൻപ്രകാരം നിലവിൽ 2021 ജൂൺ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) | 2013 ഏപ്രിൽ 1 മുതൽ പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ടുള്ള നടപടി നിശ്ചിത കാലയളവിലേയ്ക്ക് മാത്രം മതിയാകില്ലേ; പരിശോധിച്ച് മറുപടി നൽകാമോ? | (ഇ) | 2013 ഏപ്രിൽ ഒന്ന് മുതൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത ജീവനക്കാർക്ക് വിരമിക്കുന്നത് മുതൽ പെൻഷൻ ഇനത്തിലുള്ള കെ.എസ്.ആർ.ടി. സി.യുടെ ബാദ്ധ്യത ഒഴിവാക്കാൻ കഴിയും. പക്ഷേ നിലവിൽ പെൻഷൻ വാങ്ങുന്ന ജീവനക്കാരുടേയും 2013 ഏപ്രിൽ ഒന്നിന് മുമ്പ് ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടേയും പെൻഷൻ ഇനത്തിലെ ബാദ്ധ്യതയ്ക്ക് ഒരു നിശ്ചിത കാലയളവ് നിജപ്പെടുത്താൻ നിലവിലെ സ്ഥിതിയിൽ കഴിയില്ല. |

സെക്ഷൻ ഓഫീസർ